പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3810** 19/03/2018 -ൽ മറുപടിയ്ക്ക്

## പരീക്ഷാഭവനിലെ ഓൺലൈൻ സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും പരീക്ഷാ ഭവനിലേക്ക് നൽകുന്ന അപേക്ഷകളുടെ പരിശോധന വേഗത്തിലാക്കുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ; | (എ) സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നു വരുന്നു. |
| (ബി) പരീക്ഷാഭവനിൽ ഇപ്പോൾ ഏതെങ്കിലും സേവനങ്ങൾ ഓൺലൈനായി നൽകുന്നുണ്ടോ; | (ബി) വിവിധ പരീക്ഷകളുടെ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചു വരുന്നു. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകൽ, തിരുത്തലുകൾ, ആധികാരികത പരിശോധന എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ല. ഫയൽ ട്രാക്കിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാണ്. |
| (സി) നിലവിൽ പത്താംക്ലാസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിരവധി പിശകുകൾ വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ അശ്രദ്ധ കൊണ്ട് സംഭവിക്കുന്ന തെറ്റുകൾ തിരുത്തുന്നതിനും കുട്ടികൾ ഫീസ് നൽകേണ്ടതായി വരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ബയോഡാറ്റ അവരുടെ രക്ഷിതാക്കൾ എഴുതി നൽകുന്നത് സ്കൂളിലാണ്. സ്കൂളിൽ നിന്നുമാണ് വിവരങ്ങൾ കമ്പ്യൂട്ടറിൽ അപ് ലോഡ് ചെയ്യുന്നത്. കമ്പ്യൂട്ടറിൽ അപ് ലോഡ് ചെയ്യുന്നതിനു മുമ്പു തന്നെ രക്ഷിതാക്കൾക്ക് വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിന് അവസരം നൽകുന്നുണ്ട്. എന്നിട്ടും സർട്ടിഫിക്കറ്റിൽ തെറ്റുകൾ വരുകയാണെങ്കിൽ റിസൾട്ട് പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നത് മുതൽ നാലു മാസം വരെ ഫീസ് ഒന്നും നൽകാതെ തന്നെ സർട്ടിഫിക്കറ്റിൽ |

തെറ്റ തിരുത്തി നൽകുന്നുണ്ട്. പ്രസ്തുത സമയപരിധി കഴിഞ്ഞു നൽകുന്ന അപേക്ഷകൾക്കു മാത്രമേ നിശ്ചിത ഫീസ് ഈടാക്കുന്നുള്ളൂ.

(ഡി) 2009-10 അക്കാദമിക വർഷം മുതൽ നാളിതുവരെ എത്ര സർട്ടിഫിക്കറ്റുകളിൽ പിശകു സംഭവിച്ചിട്ടുണ്ട്; ഈയിനത്തിൽ എത്ര രൂപ ഫീസായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) റിസൾട്ട് പ്രസിദ്ധീകരിച്ച് നാലുമാസം വരെ സർട്ടിഫിക്കറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാൻ സമയം അനുവദിച്ചിട്ടുള്ളതിനാൽ ഇത്തരം തിരുത്തലുകളുടെ വിവരങ്ങൾ സൂക്ഷിക്കാറില്ല.

(ഇ) സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കുട്ടികളിൽ നിന്നും ഫീസ് ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ